15. അങ്ങിനെയല്ല, അവൻ വിരമിച്ചില്ലെങ്കിൽ നിസ്സംശയം നാം കുടുമയിൽ പിടിച്ചുവലിക്കുക തന്നെ ചെയ്യും.

16. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ.

17. അവന്റെ ആളുകളെ അവൻ വിളിക്കട്ടെ.

18. നാം ശിക്ഷയുടെ മലക്കുകളെ വിളിക്കും.

19. അങ്ങിനെയല്ല, അവന്ന് നീ വഴങ്ങരുത്.

നീ സാഷ്ടാംഗം പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക.

| | | | |
|---|---|---|---|
| بِالنَّاصِيَةِ ﴿١٥﴾ | لَنَسْفَعًا | لَئِن لَّمْ يَنتَهِ | كَلَّا |
| കുടുമയിൽ | നാം പിടിച്ചുവലിക്കുക തന്നെ ചെയ്യും | അവൻ വിരമിച്ചില്ലെങ്കിൽ | അങ്ങിനെയല്ല |

| | | |
|---|---|---|
| خَاطِئَةٍ ﴿١٦﴾ | كَاذِبَةٍ | نَاصِيَةٍ |
| പാപം ചെയ്യുന്ന | കള്ളം പറയുന്ന | കുടുമ |

| | |
|---|---|
| نَادِيَهُ ﴿١٧﴾ | فَلْيَدْعُ |
| അവന്റെ ആളുകളെ | അവൻ വിളിക്കട്ടെ |
| الزَّبَانِيَةَ ﴿١٨﴾ | سَنَدْعُ |
| ശിക്ഷയുടെ മലക്കുകളെ | നാം വിളിക്കും |
| لَا تُطِعْهُ | كَلَّا |
| അവന്ന് നീ വഴങ്ങരുത് | അങ്ങിനെയല്ല |
| وَاقْتَرِبْ ﴿١٩﴾ | وَاسْجُدْ |
| നീ സാമീപ്യം നേടുകയും ചെയ്യുക | നീ സുജൂദ് ചെയ്യുക |

**വ്യാകരണം:**

وَجَدَ യുടെ ഗണത്തിൽപ്പെട്ട മറ്റൊരു ക്രിയയായ وَعَدَ (അവൻ വാഗ്ദാനംചെയ്തു) 124 പ്രാവശ്യം വ്യത്യസ്ഥ രൂപങ്ങളിൽ ഖുർആനിൽ ആവർത്തിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

| സ്ത്രീലിംഗ ക്രിയകൾ | | നിരോധന ക്രിയ | കൽപനക്രിയ | അപൂർണ്ണ ക്രിയ | പൂർണ്ണ ക്രിയ |
|---|---|---|---|---|---|
| അപൂർണ്ണ ക്രിയ | പൂർണ്ണ ക്രിയ | لَا تَعِدْ<br>لَا تَعِدُوا | عِدْ<br>عِدُوا | يَعِدُ<br>يَعِدُونَ | وَعَدَ<br>وَعَدُوا |
| تَعِدُ | وَعَدَتْ | وَاعِدٌ، مَوْعُود<br>وَعْد | | تَعِدُ<br>تَعِدُونَ | وَعَدْتَ<br>وَعَدْتُمْ |
| | | | | أَعِدُ<br>نَعِدُ | وَعَدْتُ<br>وَعَدْنَا |

**പഠനക്കുറിപ്പുകൾ :**